REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **PM വികസിത് ഭാരത് റോസ്ഗർ യോജനയ്ക്ക് കീഴിൽ 2,400 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.**
- **നവീകരണത്തിന്റെയും സാങ്കേതികവിദ്യയുടെയും ആഗോള കേന്ദ്രമായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **VD സതീശൻ ഗവണ്മെന്റിന്റെ ആദ്യ ബജറ്റ് ഇന്ന്.**
- **ഇന്ന് വായനാദിനം.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ കാനഡയ്ക്കും, സ്വിറ്റ്സർലാന്റിനും ജയം. ചെക്ക് റിപ്പബ്ലിക്- ദക്ഷിണാഫ്രിക്ക മത്സരം സമനിലയിൽ.**

## വാർത്തകൾ വിശദമായി

'PM വികസിത് ഭാരത് റോസ്ഗർ യോജന'യ്ക്ക് കീഴിൽ 2,400 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിന് ആരംഭിച്ച പദ്ധതിക്ക് 99,446 കോടി രൂപയാണ് കേന്ദ്രഗവണ്മെന്റ് വകയിരുത്തിയത്.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.........

സംസ്ഥാന തൊഴിൽ വകുപ്പ്, ജന പ്രതിനിധികൾ, തൊഴിലുടമകൾ, പിഎം VBRY ഗുണഭോക്താക്കൾ എന്നിവർ തമ്മിലെ ആശയവിനിമയമാണ് പരിപാടിയിലൂടെ ലക്ഷ്യമാക്കുന്നത്. പുതുതായി ജോലിയിൽ ചേർന്ന തൊഴിലാളികൾക്ക്

തൊഴിലുടമകളുടെ നിയമന കത്തിന്റെ വിതരണം നടക്കും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ, പാളയം കേരള സർവകലാശാല സെനറ്റ് ഹാളിലും  കോഴിക്കോട് കല്ലായ് റോഡിൽ ജില്ലാ സഹകരണ ബാങ്ക് ഹാളിലും, കണ്ണൂർ റബ്കൊ ഓഡിറ്റോറിയത്തിലുമാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

ലോകത്തിന്റെ വിശ്വസ്ത പങ്കാളിയായി ഇന്ത്യ വളർന്നുവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പാരീസിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യങ്ങൾ തമ്മിലെ ബന്ധം പണ്ട് വ്യാപാരം മാത്രം അടിസ്ഥാനമാക്കി യായിരുന്നുവെങ്കിൽ, ഇന്ന് വ്യാപാരത്തോടൊപ്പം വിശ്വാസവും പ്രാധാന്യമർഹിക്കുന്നതായും നരേന്ദ്ര മോദി പറഞ്ഞു. വിശ്വസനീയവും സ്ഥിരവുമായ വിതരണ ശൃംഖലയും പങ്കാളിത്തവുമാണ് എല്ലാ രാജ്യങ്ങളും ആഗ്രഹിക്കുന്നതെന്നും  അത്തരം പങ്കാളികളെയാണ് ഓരോ രാജ്യവും തിരയുന്നതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

അഭിലാഷങ്ങൾ പുതിയ ഉയരങ്ങളിലെത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ യാത്രയിലെ നിർണായകമായ ഒരു കാലഘട്ടമാണിതെന്നും മോദി പറഞ്ഞു.

✪✪✪

നവീകരണത്തിന്റെയും സാങ്കേതികവിദ്യയുടെയും ആഗോള കേന്ദ്രമായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പാരീസിൽ വിവാടെക് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. കഴിഞ്ഞ ദശകത്തിൽ ഇന്ത്യ സാങ്കേതികവിദ്യയുടെ ദ്രുത പരിവർത്തനത്തിലൂടെ കടന്നുപോകുകയാണെന്നും  സാമ്പത്തിക ഉൾപ്പെടുത്തൽ, വിദ്യാഭ്യാസം, ടെലിമെഡിസിൻ, കൃഷി തുടങ്ങിയ മേഖലകളിൽ ഇന്ത്യ വൻതോതിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടെന്നും  നരേന്ദ്രമോദി  വ്യക്തമാക്കി.

ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനവും, ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോമുകളും ഇന്ത്യ സൃഷ്ടിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഹിന്ദിയിൽ യാത്രയയപ്പ് വീഡിയോ പോസ്റ്റ് ചെയ്തു. പ്രിയപ്പെട്ടവൻ എന്ന് നരേന്ദ്ര മോദിയെ വിശേഷിപ്പിച്ച പ്രസിഡന്റ്, 'ഫ്രാൻസ് നിങ്ങളെ സ്നേഹിക്കുന്നു' എന്ന് പറഞ്ഞു.

നരേന്ദ്ര മോദിയുടെ സന്ദർശനത്തിന് നന്ദി പറഞ്ഞ ഫ്രഞ്ച് പ്രസിഡന്റ് സന്ദർശനം വളരെ ഫലപ്രദമായിരുന്നുവെന്നും അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 12 വർഷത്തിനിടെ സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ ദർശനങ്ങളാൽ ഇന്ത്യ ശ്രദ്ധേയ പരിവർത്തനങ്ങൾക്കാണ് വിധേയമായത്. ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനും, ശാക്തീകരണത്തിനും കേന്ദ്രഗവണ്മെന്റ് നിരവധി മുൻനിര സംരംഭങ്ങൾ നടപ്പാക്കി.

രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയെ പരിവർത്തനം ചെയ്യാൻ ഗവണ്മെന്റ് സ്വീകരിച്ച നടപടികളെകുറിച്ച് ആകാശവാണി തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്

...വോയ്സ്....

കഴിഞ്ഞ 12 വർഷത്തിനിടെ പ്രധാനമന്ത്രി നരേന്ദ്രമോദി 83 ലധികം തവണ രാജ്യത്തിന്റെ വടക്കു-കിഴക്കൻ മേഖല സന്ദർശിച്ചു. ഈ കാലയളവിൽ ഈ മേഖലയെ ദേശീയ മുഖ്യ ധാരയുമായി ബന്ധിപ്പിക്കുന്നതിന് ഗതിവേഗം കൂടി. വിനോദ സഞ്ചാര മേഖല വികസിക്കുന്നതിനും കൂടുതൽ പ്രാദേശിക വരുമാന അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾകൊണ്ട് സാധ്യമായി. പ്രധാനമന്ത്രി ഗ്രാം സഡക് യോജനയിൽ 47,270 കോടി രൂപ ചെലവഴിച്ചു. 46,290 കിലോമീറ്ററിലധികം ഗ്രാമീണ റോഡുകൾ മേഖലകളിൽ നിർമ്മിച്ചു. 12 വർഷത്തിനിടെ എട്ട് പുതിയ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ വികസിപ്പിച്ചെടുത്തു. ഇതോടെ ഇത്തരം വിമാനത്താവളങ്ങളുടെ എണ്ണം 17 ആയി ഉയർന്നു. വടക്കു-കിഴക്കൻ മേഖലയിൽ 4,170 കിലോമീറ്ററിലധികം റെയിൽവെ ലൈനുകൾ വൈദ്യുതീകരിച്ചു. അരുണാചൽ പ്രദേശ്, മേഘാലയ, നാഗലാന്റ്, തൃപുര, മിസോറാം, എന്നിവിടങ്ങളിൽ റെയിൽവെ വൈദ്യുതീകരണം 100 ശതമാനം കൈവരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ വടക്കു-കിഴക്കൻ മേഖലയിലെ എട്ട് സംസ്ഥാനങ്ങളായ അഷ്ടലക്ഷ്മി വികസനത്തിന്റെ പുതുവഴിയിലാണ്.

✪✪✪

VD സതീശൻ ഗവണ്മെന്റിന്റെ ആദ്യ ബജറ്റ് ഇന്ന്. നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ്, ധനവകുപ്പിന്റെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രി, നിയമസഭയിൽ അവതരിപ്പിക്കും. തിങ്കളാഴ്ച മുതൽ സഭയിൽ ബജറ്റിന്മേൽ പൊതുചർച്ച നടക്കും. തുടർന്ന് ഈ മാസം 29, 30 തിയതികളിൽ ഗ്രാന്റ് ആവശ്യങ്ങൾക്കുള്ള ചർച്ചകളും വോട്ടെടുപ്പും നടക്കും. ജൂലൈ ഒന്നിന് ധനവിനിയോഗ ബിൽ പരിഗണിക്കും.

അതെസമയം, സംസ്ഥാനത്തെ പകർച്ചവ്യാധി വ്യാപനത്തെ കുറിച്ച് ഇന്ന് നിയമസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുമെന്ന് BJP അംഗം BBഗോപകുമാർ അറിയിച്ചു.

✪✪✪

മഴക്കാല രോഗവ്യാപനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യമന്ത്രി ജെ പി നദ്ദ, മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഉന്നതതല അവലോകന യോഗം ചേർന്നു. രാജ്യത്തെ നിലവിലെ രോഗ സ്ഥിതിഗതികൾ അവലോകനം ചെയ്ത നദ്ദ, കൊതുകുജന്യ രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ജാഗ്രത പാലിക്കണമെന്ന് അറിയിച്ചു. പ്രതിരോധ നടപടികളുടെ ഭാഗമായി കൊതുക് പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കൽ, ഫോഗിംഗ്, ദുർബല പ്രദേശങ്ങളിലെ മറ്റ് പൊതുജനാരോഗ്യ ഇടപെടലുകൾ എന്നിവയുൾപ്പെടെ വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ തീവ്രമാക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് 19 പേർക്ക് കൂടി ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തു. കോഴിക്കോട്ട് 9-ഉം, തൃശൂരിൽ 3ഉം, തിരുവനന്തപുരത്തും കണ്ണൂരും 2 വീതവും, കൊല്ലം, എറണാകുളം, മലപ്പുറം എന്നിവിടങ്ങളിൽ ഓരോ ആളുകൾക്കുമാണ് ഇന്നലെ ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്തത്. കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഈ മാസം ഏറ്റവും കൂടുതൽ പേർക്ക് രോഗം സ്ഥിരീകരിച്ചത്.

രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, കേന്ദ്ര ആരോഗ്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം, സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെ കൂടി സഹകരണത്തോടെ ശക്തമായ ബോധവത്കരണ ക്യാമ്പയിനും നടപടികളും ആരംഭിച്ചു. 'വയറിളക്കരോഗങ്ങൾ തടയാം, ജീവൻ രക്ഷിക്കാം' എന്നതാണ് പരിപാടിയുടെ മുദ്രാവാക്യം.

✪✪✪

കോഴിക്കോട്ട് നിപ ബാധിച്ച രോഗി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെൻറിലേറ്ററിൽ തുടരുന്നു. രോഗബാധിതന്റെ സമ്പർക്ക പട്ടികയിൽ പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ 104 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ അഞ്ചാം ഡിവിഷനിൽ, 50 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തി.

✪✪✪

ഈ മാസം 21 ന് നടക്കുന്ന നീറ്റ്-യുജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി സന്ദേശങ്ങൾ അയക്കാൻ ഉപയോഗിക്കുന്ന ടെലിഗ്രാം ഉൾപ്പടെ സാമൂഹിക മാധ്യമങ്ങൾ താൽക്കാലികമായി നിയന്ത്രിക്കാനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ തീരുമാനത്തെ ചോദ്യം ചെയ്ത് ടെലിഗ്രാം സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി വാദത്തിന് ശേഷം വിധി പറയാനായി മാറ്റിവച്ചു.

NTA യുടെ ശുപാർശ പ്രകാരം ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം, ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ സെക്ഷൻ 69A പ്രകാരമാണ് നിയന്ത്രണം ഏർപ്പെടുത്തിയത്.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ ദിവസം പീക്ക് മണിക്കൂറുകളിൽ വൈദ്യുതിനിയന്ത്രണം വേണ്ടി വന്നത് വൈദ്യുതി ലഭ്യതയിലുണ്ടായ കുറവ് പരിഹരിക്കുന്നതിനാണെന്ന് KSEB വാർത്താകുറിപ്പിൽ അറിയിച്ചു.

നിലവിൽ KSEB അണക്കെട്ടുകളുടെ സംഭരണശേഷിയുടെ 21.25% മാത്രമേ വെള്ളമുള്ളു. കഴിഞ്ഞ വർഷം ഇതേസമയം 47.22% വെള്ളമാണ് ജലസംഭരണികളിൽ ഉണ്ടായിരുന്നത്. ജൂൺ മാസത്തിൽ പ്രതീക്ഷിച്ചിരുന്ന അളവിൽ മഴ ലഭിക്കാത്തത് കാരണമുണ്ടായ പ്രതിസന്ധിയാണിതെന്നും KSEB അറിയിച്ചു.

✪✪✪

ഇന്ന് വായനദിനം. കേരളത്തിലെ ഗ്രന്ഥശാലാ സാക്ഷരതാ പ്രസ്ഥാനങ്ങളുടെ പിതാവായ പി.എൻ. പണിക്കരെ സ്മരിച്ച് കേരളത്തിലും ദേശീയതലത്തിലും വായനദിനം ആഘോഷിക്കുന്നു. PN പണിക്കർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വായനാ ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം രാവിലെ കനകക്കുന്ന് കൊട്ടാരത്തിൽ മുഖ്യമന്ത്രി VD സതീശൻ നിർവഹിക്കും.

സംസ്ഥാനത്തെ 43 ലക്ഷത്തിൽപ്പരം കുട്ടികൾ വായനദിന പ്രതിജ്ഞ ചൊല്ലും. രാജ്യത്തെ 28 സംസ്ഥാനങ്ങളിലും 8 കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരുമാസക്കാലം പരിപാടി സംഘടിപ്പിക്കും.

✪✪✪

വായനാദിന, വായന പക്ഷാചരണ പരിപാടികളുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം രാവിലെ ചാലപ്പുറം ഗവ. ഗണപത് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ജില്ല കലക്ടർ MS മാധവിക്കുട്ടി നിർവഹിക്കും. ജില്ല ഇൻഫർമേഷൻ ഓഫീസും, ജില്ല ഭരണകൂടവും, PN പണിക്കർ ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ എഴുത്തുകാരൻ UK കുമാരൻ,  PN പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

അന്താരാഷ്ട്ര യോഗാ ദിനത്തിന്  ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ ഈ മാസം 21ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ്  ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

അന്താരാഷ്ട്ര യോഗ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച രാവിലെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മന്ത്രി K മുരളീധരൻ നിർവഹിക്കും.

യോഗ ദിനത്തോടനുബന്ധിച്ച് നാഷണൽ ആയുഷ് മിഷനു കീഴിലെ ആയുഷ് ക്ലബ് അംഗങ്ങളെ പങ്കെടുപ്പിച്ച് യോഗ ഡെമോൺസ്ട്രേഷനും ഒരുക്കും. വിവിധ ജില്ലകളിലും പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

അന്താരാഷ്ട്ര യോഗാ ദിനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യ മന്ത്രാലയം ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് അനക്സിൽ യോഗാ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി ഡോ. സത്യപ്രകാശ് വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്തു. ലാൽ ബഹാദുർ ശാസ്ത്രി ദേശീയ സംസ്കൃത സർവകലാശാലയിലെ പ്രൊഫസർ ഡോ. രമേഷ് കുമാറാണ് വർക്ക് ഷോപ്പിന് നേതൃത്വം നൽകിയത്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ കാനഡയ്ക്കും, സ്വിറ്റ്സർലാന്റിനും ജയം. ചെക്ക് റിപ്പബ്ലിക്- ദക്ഷിണാഫ്രിക്ക മത്സരം സമനിലയിൽ.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ

(വോയ്സ് .....)

ഗ്രൂപ്പ് A- യിൽ മെക്സിക്കോ - ദക്ഷിണ കൊറിയ മത്സരം ഇന്ത്യൻ സമയം രാവിലെ ആറരയ്ക്ക് ആരംഭിച്ചു. രാത്രി പന്ത്രണ്ടരയ്ക്ക് USA-ഓസ്ട്രേലിയയെ നേരിടും. സ്കോട്‌ലൻഡ്-മൊറോക്കോ മത്സരം നാളെ പുലർച്ചെ മൂന്നരയ്ക്കും, ബ്രസീൽ-ഹെയ്റ്റി മത്സരം ആറ് മണിക്കുമാണ്.

✪✪✪

FIH വനിതാ ഹോക്കിയിൽ, ഇന്ത്യ, സെമി ഫൈനലിലെത്തി. ന്യൂസിലൻഡിൽ നടന്ന മത്സരത്തിൽ, ഉറുഗ്വേയെ 3-2 ന് പരാജയപ്പെടുത്തിയാണ് , ഇന്ത്യ പൂൾ എയിൽ ഒന്നാം സ്ഥാനത്തെത്തിയത്. ഇന്ത്യ, ഇന്ന് ചിലിയെ നേരിടും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*News Team : നിമിഷ ജി*
*DEO : സി കെ സുബോധ്*